(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വനം വകുപ്പു മന്ത്രിക്കെതിരെ പരാതി

1(737)ശ്രീ. വി. ബാലറാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം ഗതാഗത വകുപ്പുമന്ത്രിയായിരുന്ന ശ്രീ. നീലലോഹിതദാസൻ നാടാർക്കെതിരെ സഭ്യേതര പെരുമാറ്റത്തിന്റെ പേരിൽ മുഖ്യമന്ത്രിക്ക് പരാതി കിട്ടിയിട്ടുണ്ടോ;

(ബി) എങ്കിൽ ആരിൽ നിന്നെല്ലാം എന്തെല്ലാം ആണ് പരാതി കിട്ടിയത്;

(സി) പരാതിയുടെ വിശദാംശങ്ങൾ എന്തെല്ലാമാണ്; ഈ പരാതി സംബന്ധിച്ച് എന്ത് നടപടി എടുത്തു എന്നാണ് നടപടി എടുത്തത്;

(ഡി) ഈ പരാതി അന്വേഷണത്തിനായി പോലീസിനെ ഏൽപ്പിച്ചുവോ; എങ്കിൽ എന്ന്;

(ഇ) ശ്രീ. നീലലോഹിതദാസൻ നാടാർ തന്നെ ഈ പരാതിയുടെ പിന്നിൽ വനം മാഫിയ ആണെന്നും ചില മന്ത്രിമാർതന്നെ പരാതിക്കാരായി വന്നേയ്ക്കുമെന്നും പ്രസ്താവിച്ചത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതേപ്പറ്റി അന്വേഷിച്ചുവോ;

(എഫ്) മന്ത്രി എന്ന നിലയിൽ അദ്ദേഹത്തിനെതിരെ വന്ന പരാതിയെപ്പറ്റി ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് ശ്രീ. നീലലോഹിതദാസൻ നാടാർ ആവശ്യപ്പെട്ടിരുന്നുവോ; ഈ ആവശ്യത്തിനുമേൽ എന്തു നടപടി എടുത്തു?

ഉത്തരം

(എ)-(എഫ്) മുൻ ഗതാഗത വകുപ്പു സെക്രട്ടറി ശ്രീമതി നളിനി നെറ്റോ ഐ.എ.എസ്. മുൻ ഗതാഗത വകുപ്പുമന്ത്രി തന്നോട് അപമര്യാദയായി പെരുമാറുകയും പീഡിപ്പിക്കുകയും ചെയ്തു എന്നാരോപിച്ചുകൊണ്ട് 9.2.2000 -ന് മുഖ്യമന്ത്രിക്ക് ഒരു പരാതി നൽകുകയുണ്ടായി. പരാതിയെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം നം. 47/2000 ആയി ഒരു കേസ് രജിസ്റ്റർ ചെയ്തു. കേസ് അന്വേഷണം ക്രൈംബ്രാഞ്ച് നടത്തി വരുകയാണ്.

മന്ത്രി മന്ദിരങ്ങളിലെ സൗകര്യം വർദ്ധിപ്പിക്കുന്നതിന് ചെലവാക്കിയ തുക

2 (738)ശ്രീ. കെ. മുഹമ്മദാലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയുൾപ്പെടെ ഓരോ മന്ത്രിമാർക്കും അനുവദിച്ചിട്ടുള്ള ഔദ്യോഗിക വസതികൾ മോടിപിടിപ്പിക്കുന്നതിനും പുതിയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തുന്നതിനും മറ്റുമായി ഇതുവരെ എന്തു തുക വീതം ചെലവാക്കിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വാർഷിക മെയിന്റനൻസ് ഇനത്തിൽ ഓരോ വസതിക്കും എന്തു തുക വീതം ചെലവാക്കിയിട്ടുണ്ട്;

(സി) മന്ത്രി മന്ദിരങ്ങളിൽ സൗകര്യം വർദ്ധിപ്പിക്കുന്നതിന് വിദേശ ഉപകരണങ്ങൾ വാങ്ങുകയുണ്ടായോ; എങ്കിൽ എത്ര തുക ചെലവിട്ടു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഔദ്യോഗിക വസതികളിലേക്ക് അത്യാവശ്യം വേണ്ട ഫർണീച്ചർ, കർട്ടൻ, ലിനൻ, കട്ട്ലറി, ക്രോക്കറി, വൈദ്യുതോപകരണങ്ങൾ, കയറുൽപന്നങ്ങൾ, അടുക്കള സാധനങ്ങൾ എന്നിവ വാങ്ങി നൽകിയ ഇനത്തിലും വസതികളിലെ വിവിധ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണി നടത്തിയ ഇനത്തിലും ചെലവായ തുകയുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.† സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തുന്നതിന് ചെലവായ തുകയുടെ വിവരം ശേഖരിച്ച് വരുന്നു.†

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) വിവരം ശേഖരിച്ചു വരുന്നു.

എം.പി.മാരുടെ പ്രാദേശിക വികസന ഫണ്ട്

3 (739)ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. എം.കെ. മുനീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എം.പി.മാരുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ചുകൊണ്ട് എത്ര തുകയുടെ പ്രവൃത്തികളാണ് 1999 ഡിസംബർ 31 വരെ എം.പി.മാർ നൽകിയിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) അവയിൽ എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്; എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(സി) പ്രവൃത്തികൾ ആരംഭിക്കാൻ ആവശ്യത്തിലധികം കാലതാമസം ഉണ്ടാകുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്ന് എന്തെങ്കിലും നിർദ്ദേശം വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിശോധിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉത്തരം അനുബന്ധം (എ)യിൽ ചേർത്തിട്ടുണ്ട്.†

(ബി) ഉത്തരം അനുബന്ധം (ബി)യിൽ ചേർത്തിട്ടുണ്ട്.†

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly